**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2380** **02-08-2021 - ൽ മറുപടിയ്ക്ക്**

**എടപ്പറമ്പ-കോളിച്ചാൽ ഹിൽ ഹൈവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ എടപ്പറമ്പ-കോളിച്ചാൽ ഹിൽ ഹൈവേ റീച്ചിൽ എത്ര കിലോ മീറ്റർ പൂർത്തിയായിട്ടുണ്ട്; | (എ) | കാസർഗോഡ് ജില്ലയിലെ എടപ്പറമ്പ – കോളിച്ചൽ ഹിൽ ഹൈവേയുടെ ആകെ നീളം 24.010 കി.മി. ആണ്. 16 കി.മി. ഡിബിഎം പ്രവൃത്തികളും 8 കി.മി. ബിസി പ്രവൃത്തികളും പൂർത്തികരിച്ചിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര കിലോമീറ്റർ വനത്തിൽ കൂടി പോകുന്നു; ഇതിന് വനം വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ആകെ 3.61 കി.മി. നീളം വനഭൂമിയിലൂടെ കടന്നു പോകുന്നു. വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ ഓൺലൈൻ ആയി സമർപ്പിച്ചിട്ടുണ്ട്. വനം വകുപ്പിന് സമർപ്പിച്ച അപേക്ഷ പ്രകാരം 4.322 ഹെക്ടർ ഭൂമിയാണ് വനം വകുപ്പിൽ നിന്ന് ലഭ്യമാക്കേണ്ടത്. |
| (സി) | വനം വകുപ്പിന്റെ ഓൺലൈൻ അപേക്ഷയിൽ വനം വകുപ്പിന് നഷ്ടപ്പെടുന്ന ഭൂമിക്ക് പകരം ഭൂമി കണ്ടെത്തിയിട്ടുണ്ടോ എന്ന ചോദ്യത്തിന് ഉത്തരം നൽകാൻ ബന്ധപ്പെട്ട പി.ഡബ്ല്യു.ഡി. ഓഫീസർക്ക് സാധിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | വനം വകുപ്പിൽ നിന്ന് ലഭ്യമാക്കേണ്ട 4.322 ഹെക്ടർ ഭൂമിക്ക് പകരമായി തത്തുല്യ ഭൂമി വനം വകുപ്പിന് കൈമാറുവാനുള്ള നിർദ്ദേശം ഓൺലൈൻ പോർട്ടലിൽ ലഭ്യമായിട്ടുണ്ട്. എന്നാൽ പൊതുമരാമത്ത് വകുപ്പിന്റെ കൈവശം ഇപ്രകാരം കൈമാറുവാൻ ഭൂമിയില്ലാത്തതിനാൽ ഇത് സംബന്ധിച്ച റിപ്പോർട്ട് ജില്ലാ കളക്ടർക്കും ബന്ധപ്പെട്ട ആദൂർ ഗ്രാമ പഞ്ചായത്ത് അധികാരി കൾക്കും നൽകിയിട്ടുണ്ട്. |
| (ഡി) | വകുപ്പുതലത്തിൽ ഈ പ്രശ്നത്തിന് അടിയന്തരമായി പരിഹാരം കാണുന്നതിനും വനം വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (ഡി) | വിവിധ പദ്ധതികളുടെ കോമ്പൻസേറ്ററി ഭൂമിയായി ചമ്മാടൻകാവിലെ 22 ഹെക്ടർ ഭൂമി വനം വകുപ്പിന് നൽകാൻ കണ്ടെത്തിയതായി റവന്യൂ വകുപ്പ് അറിയിച്ചിട്ടുണ്ട്. ടി പ്രവൃത്തിയിൽ ഉൾപ്പെടുന്ന 4.322 ഹെക്ടർ മേൽപ്പറഞ്ഞ 22 ഹെക്ടറിൽ ഉൾപ്പെടുത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ